**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറന്മുള നിയോജകമണ്ഡലത്തിലെ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.153/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,18/01/2020

---

പരാമർശം:- ആറന്മുള എം എൽ എയുടെ 06/01/2020 ലെ കത്ത്.

**<u>ഉത്തരവ്</u>**

ആറന്മുള നിയോജക മണ്ഡലത്തിൽ താമസിക്കുന്ന ഭിന്ന ശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ മുഖാന്തിരം മെഡിക്കൽ ക്യാമ്പ് നടത്തി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ക്യാമ്പിന്റെ നടത്തിപ്പിന് പത്തനംതിട്ട നഗരസഭയിൽ നിന്നും ആറന്മുള , മല്ലപ്പുഴശ്ശേരി , തോട്ടപ്പുഴശ്ശേരി ,കോഴഞ്ചേരി ,നാരങ്ങാനം ,ഇലന്തൂർ ,ഓമല്ലൂർ ,ചെന്നീർക്കര ,മെഴുവേലി ,കുളനട ,കോയിപ്രം ,ഇരവിപേരൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10000/-രൂപ വീതം നൽകുന്നതിന് യഥേഷ്ടനുമതി നൽകണമെന്ന് ആറന്മുള എം എൽ എ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആറന്മുള നിയോജക മണ്ഡലത്തിൽ വച്ച് നടക്കുന്ന ക്യാമ്പിന്റെ നടത്തിപ്പിന് പത്തനംതിട്ട നഗരസഭയിൽ നിന്നും 10,000/- രൂപയിൽ (പതിനായിരം രൂപ) കവിയാത്ത തുകയും ആറന്മുള , മല്ലപ്പുഴശ്ശേരി , തോട്ടപ്പുഴശ്ശേരി ,കോഴഞ്ചേരി ,നാരങ്ങാനം ,ഇലന്തൂർ ,ഓമല്ലൂർ ,ചെന്നീർക്കര ,മെഴുവേലി ,കുളനട ,കോയിപ്രം ,ഇരവിപേരൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 5,000/- രൂപയിൽ (അയ്യായിരം രൂപ) കവിയാത്ത തുകയും, അതാത് തദ്ദേശ സ്ഥാപനങ്ങളുടെ കമ്മിറ്റി തീരുമാനത്തിനു വിധേയമായി, തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട .

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

**File No.LSGD-FM2/6/2020-LSGD**

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ